




## ഗവ.വി.എച്ച്.എസ്സ്.എസ്സ്.എസ്സ്.വീരണകാവ്

***2019-20***




# ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വീരണകാവ്





*"നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാകുന്നു. ചിന്തകൾ വാക്കുകളും വാക്കുകൾ പ്രവർത്തികളും പ്രവർത്തികൾ മൂല്യങ്ങളുമാകുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാകുന്നത്"*



ലിറ്റിൽ കൈറ്റ്സിന്റെ "കാഴ്ച "എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

വസന്തകുമാരി എസ്

ഹെഡ്മിസ്ട്രസ്

# നാൾവഴികളിലൂടെ.............

അനന്തപുരിയുടെ ദക്ഷിണകോണിൽ അഗസ്ത്യാർ മലയുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന വീരണകാവ് എന്ന ഗ്രാമം ഭൂമിശാസ്ത്രപരമായി മൂന്ന് മലയോര ഗ്രാമങ്ങളുടെ സംഗമ സ്ഥാനമാണ്. ഈ ഗ്രാമങ്ങളുടെ സംസ്കാര സ്രോതസ്സായി നിലകൊള്ളുന്ന ഈ സ്കൂളിന്ന് നൂറ്റാണ്ടിലേറെ പഴക്കമുണ്ട്.

ആദ്യകാലത്ത് കാഞ്ഞിരത്തിന്റെ ചുവട്ടിൽ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടം കാഞ്ഞിരമൂട് കുടിപ്പള്ളിക്കൂടം എന്നറിയപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കാഞ്ഞിരരമൂട് കുടിപ്പള്ളിക്കൂടം ലോവർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു.

ഉറവ വറ്റാത്ത ജലസ്രോതസായ വലിയകുളത്തിന്റെ തീരത്ത് സ്ഥിതിചെയ്യുന്നത് കാരണം പെരുങ്കുളം എൽ.പി.എസ്സ് എന്ന പേരിൽ അറിയപ്പെട്ടു. പിന്നീട് കുളത്തിലെ വെള്ളം വറ്റിയപ്പോൾ പട്ടകുളം എന്നായി സ്ഥലനാമം. ആ കാലഘട്ടത്തിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിലെ എക വിദ്യാലയമായിരുന്നു ഇത്. 1951 ൽ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി.

തങ്ങളുടെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വിദൂരസ്ഥലങ്ങളിൽ പോകേണ്ടസ്ഥിതി ഉണ്ടായിരുന്നതിനാൽ മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ സുകുമാരൻ നായരുടെ അധ്യക്ഷതയിൽ ഗ്രാമവാസികൾ അപ്ഗ്രേഡിംഗ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നിന്നും ഗ്രാമവാസികളിൽ നിന്നും ധനസമാഹരണം നടത്തി. സ്വരൂപിച്ച തുകകൊണ്ട് കാർത്തിക പറമ്പിൽ വീട്ടിൽ ശ്രീ സോമൻ നായരുടെ ഉടമസ്ഥതയിലുള്ള ഒരു ഏക്കർ ഭൂമി വാങ്ങുകയും അതിൽ ഒരു കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. 1980-81കാലഘട്ടത്തിൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചതോടെ ഗവ :ഹൈസ്കൂൾ വീരണകാവ് എന്നായി പേര് മാറി. മാത്രവുമല്ല സ്കൂൾ സ്ഥിതി ചെയ്തിരുന്ന പെരുംകുളം വില്ലേജ് പെരുംകുളം, വീരണകാവ് എന്നീ രണ്ടു വില്ലേജുകളായി തിരിച്ചു.

ഏക്കർകണക്കിന് വ്യാപിച്ചു കിടക്കുന്ന അയ്യപ്പൻകാവിൽ നിന്നാണ് വീരണകാവ് എന്ന പേര് ലഭിച്ചത്. 1990-ലാണ് സ്കൂളിൽ വി.എച്ച്.എസ്സ്.ഇ. വിഭാഗം പ്രവർത്തനം ആരംഭിച്ചത്. സ്കൂളിലെ ഗ്രാമീണ സാഹചര്യങ്ങൽക്കനുസൃതമായി രണ്ട് അഗ്രിക്കൾച്ചറൽ കോഴ്സുകൾ ആണ് ആദ്യം നിലവിൽ വന്നത്. 2002-03 വർഷം വി. എച്ച്. എസ്. ഇ. വിഭാഗത്തിൽ രണ്ടും മൂന്നും റാങ്കുകൾ നമ്മുടെ സ്കൂളിലെ ചന്ദ്രവീണ,ഗീതു ചന്ദ്ര എന്നീ വിദ്യാർത്ഥിനികൾ കരസ്ഥമാക്കി.

# ഉള്ളടക്കം


........6
ബന്ധങ്ങൾ ബന്ധനങ്ങ ൾ........8
ബന്ധങ്ങളെല്ലാം തകരുന്നു........8
ബന്ധനങ്ങളോ മുറുകുന്നു........8
ബന്ധങ്ങൾ തൻ കണ്ണികളറത്ത്........8
ബന്ധനത്തിൻ കുരുക്ക് തീർപ്പൂ........8
പോയകാലത്തിൻറെ പ്രേമശൈലത്തി ൽ........8
നിന്നൂറി വന്നതാം കാളിന്ദിയിൽ കാളക്കൂടം........8
ബന്ധങ്ങളെല്ലാം തകരുന്നു........8
ബന്ധനങ്ങളോ മുറുകുന്നു........8
........8
നാളേയ്ക്കു വേണ്ടിട്ടൊരു തുള്ളി........9
ആവാസ വ്യവസ്ഥ........11
മനുഷ്യത്വം കഥ........15
വേങ്ങയിൽ കുഞ്ഞിരാമൻ നായർ........17
മുക്കുറ്റിപൂവ് ലിസി ആർ........18
അമ്മ കഥ........19
........20
മഞ്ഞപ്പൂക്കൾ സംഗീത 10 c........20
എന്തിനു മഴയീക്രൂരത........21
പെൺകുട്ടി ലിസി ആർ ( എസ്.എസ്. ടീച്ചർ)........23
മാലിന്യത്താൽ നിറയുന്ന കേരളം........26
മധുരം പോലെ അമ്മ........28
മലമുഴക്കി വേഴാമ്പൽ........29
എം .പി .പോൾ........29
അമ്മ മരണം കഥ........30
കൈരളി പരിവർത്തനം........33

ആര്യ ശ്രീജ എസ്.....................................................................37
നീർമാതള പൂവ്.........................................................................41
A ray to Dream.......................................................................43
Honesty (Speech).....................................................................44
Nature And Man.......................................................................45
Burning Earth........................................................................46
My Good Friends.......................................................................47
THE WOMAN............................................................................48
INSPIRATIONAL QUOTES...................................................................49

# ബന്ധങ്ങൾ ബന്ധനങ്ങ ൾ

ബന്ധങ്ങളെല്ലാം തകരുന്നു
ബന്ധനങ്ങളോ മുറുകുന്നു

ബന്ധങ്ങൾ തൻ കണ്ണികളറത്ത്



ബന്ധനത്തിൻ കുരുക്ക് തീർപ്പൂ
പോയകാലത്തിൻറെ പ്രേമശൈലത്തി ൽ
നിന്നൂറി വന്നതാം കാളിന്ദിയിൽ കാളകൂടം
ബന്ധങ്ങളെല്ലാം തകരുന്നു
ബന്ധനങ്ങളോ മുറുകുന്നു

സുരേഷ് കുമാർ
മലയാളം അധ്യാകൻ

# നാളേയ്ക്ക വേണ്ടിട്ടൊരു തുള്ളി

**കവിത**



നമ്മൾക്കൊരുങ്ങീടാം നാളേയ്ക്കുവേണ്ടിയീ
ജലസമൃദ്ധിക്കായിട്ടൊത്തു ചേരാം
നാളേയ്ക്കു വേണ്ടിയീ പോരാട്ടഭൂമിയിൽ
ജല സമൃദ്ധിക്കായി സംഘടിയ്ക്കാം

മാലിന്യ നിക്ഷേപം വീഥിയിലെങ്ങും
കാണാം നമുക്കിന്നീ രമ്യഭൂവിൽ
അന്യന്റെ ഭൂമിയിൽ മാലിന്യ വർജ്ജനം
ധറ്മ്മമായ് മാറിയോ മാനുഷ്യർക്ക്

ഇന്നു നാം കാണുന്ന തോടും പുഴകളും
നാൾക്കു നാളേറെ വലിഞ്ഞുവല്ലോ
മണ്ണുമീ വെള്ളവും മാലിന്യ നിക്ഷേപ
കേന്ദ്രങ്ങളാക്കി നാം മാറ്റീടുന്നു

നാളത്തെ ജനതയെ ശാസ്ത്രം പഠിപ്പിക്കും
പ്രകൃതിയെ കൊല്ലുന്ന മനുഷ്യർ നമ്മൾ
കുറ്റബോധത്തിന്റെ വസ്ത്രം ധരിച്ചിട്ടു
പശ്ചാത്തപിച്ചിട്ടു കാര്യമെന്തേ

ഇന്നു നാം കാണുന്ന തോടും പുഴകളും
നാളെയീ ഭൂമിയിൽ കാണുകില്ല
നാളത്തെ മാനുഷ്യർക്കജ്ഞാതമായിടും
തോടും പുഴകളും,ഓർക്കുക നാം

കുന്നുകൾ, പാറകൾ, പാടങ്ങൾ, കാടുകൾ
എല്ലാം നശിപ്പിച്ച സൗഖ്യം കാത്തു
മുന്നേറീടുന്നൊരു മാനവർ നാമിന്നു
നാമിരിപ്പോരെ മരം മുറിപ്പൂ.

എവിടെത്തിരിഞ്ഞാലും മലിനജലാശയം
അതിമലിനം തന്നെയീ ഭൂമിയും
നാമിന്നു ചെയ്യുന്ന ക്രൂര പ്രവർത്തികൾ
നമ്മൾക്ക് നാളെ വിനയായിടും

ഇന്നീ മനുഷ്യർ നാമൊരു തുള്ളി നീരിനായി
അങ്ങോട്ടുമിങ്ങോട്ടും ഓടിടുന്നു
മാലിന്യനിക്ഷേപ കേന്ദ്രങ്ങളാക്കിയ
പുഴകളെ കണ്ടിടാമെങ്ങുമെങ്ങും.

ഭൂമിയെ കൊല്ലുന്ന മാനമാ , ജീവന്റെ-
യുത്ഭവം ഭൂമിയാണെന്നറിയൂ
മാലിന്യ നിർമാർജ്ജനം സ്വയമായില്ലേൽ
മാലിന്യമായിടും മണ്ണിൽ നമ്മൾ

നമ്മൾക്കൊരുങ്ങീടാം നാളേയ്ക്കു വേണ്ടിയീ
മണ്ണിൽ ജലം കാക്കാനൊത്തുചേരാം
നല്ലൊരു നാളേയ്ക്കായ് പുണ്യമീ
ഭൂമിയിൽ തണ്ണീർ സമൃദ്ധിക്കായ് സംഘടിക്കാം



Painting of Licy Teacher

# ആവാസ വ്യവസ്ഥ

ഒരു പഠന പ്രോജക്റ്റ്
ഡോ.പ്രിയങ്ക പി.യു

അത്ഭുതങ്ങളുടെ കലവറയാണ് പ്രപഞ്ചം. പ്രപഞ്ചത്തിലെ ഓരോ വസ്തുവ പന്റേയും വില അമൂല്യമാണ്. ജൈവിക അജൈവിക വസ്തുക്കൾ ഉൾപ്പെടെ മനുഷ്യ നിർമ്മിതിയല്ലാത്തതെന്തും പ്രകൃതിയുടെ നിലനിൽപ്പിനും സമതുലിതാവസ്ഥയ്ക്കും അത്യന്താപേക്ഷിതമാണ്. ഭൂമിയിലെ വ്യത്യസ്ത ജീവജാലങ്ങളും അവ രൂപം നൽകുന്ന പ്രകൃതിയുടെ ക്രമവുമാണ് ജൈവ വൈവിധ്യം. കോടാനുകോടി വർഷങ്ങളിലൂടെ സംഭവിച്ച മാറ്റങ്ങളുടെയും പ്രകൃതി പ്രതിഭാസങ്ങളുടെയും മനുഷ്യ സ്വാധീനത്തിൻറെയും ഫലമാണ് ഇന്ന് നാം കാണുന്ന ജൈവ വൈവിധ്യത്തിൻറെ രഹസ്യം. നാം ഉൾപ്പെടുന്ന ജീവൻറെ ശൃംഖലയാണ് അത് രൂപപ്പെടുത്തുന്നത്. മനുഷ്യനും സസ്യജാലങ്ങളും ജന്തുക്കളും സൂക്ഷ്മജീവികളുമൊക്കെ ഉൾപ്പെടുന്നതാണ് ഈ ശൃംഖല.പക്ഷെ ഇന്ന് നമ്മുടെ പ്രകൃതി നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് ജൈവ വൈവിധ്യത്തിൻറെ ശോഷണം.നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ജൈവ വൈവിധ്യ സംരക്ഷണം. ഭൂമുഖത്ത് ഒരുകാലത്തുണ്ടായിരുന്ന ജൈവവൈവിധ്യത്തിൻറെ നൂറിലൊന്നു മാത്രമേ ഇപ്പോൾ നിലവിലുള്ളൂയെന്നാണു ജീവശാസ്ത്രജ്ഞർ പറയുന്നത്. സസ്യസമ്പത്തിൻറെ അഞ്ചിലൊന്നു വംശനാശത്തിൻറെ വക്കിലാണെന്നാണു നിഗമനം. ഈ ഒരു സാഹചര്യത്തിലാണ് പ്രാദേശിക ജൈവ വൈവിധ്യത്തിന് എന്തെങ്കിലും നാശം സംഭവിച്ചിട്ടുണ്ടോ എന്ന ഒരു അന്വേഷണം നടത്തണം എന്ന് ഞങ്ങൾക്ക് തോന്നിയത്.അതിനായി സ്കൂൾ സ്ഥിതി ചെയ്യുന്ന പൂവച്ചൽ പഞ്ചായത്തിലെ ആനാകോട് വാർഡ് തിരഞ്ഞെടുത്തു പഠനം നടത്തി.

## പഠന ലക്ഷ്യങ്ങൾ

- ആനാകോട് വാർഡിലെ നഷ്ടമായ ജൈവ വൈവിധ്യം കണ്ടെത്തുക
- ആനാകോട് വാർഡിലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവ വൈവിധ്യം കണ്ടെത്തുക
- ജൈവ വൈവിധ്യം നഷ്ടമാകാനുള്ള കാരണങ്ങൾ കണ്ടെത്തുക ,
- ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.

## പഠനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ

പഠനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ ആശങ്കജനകമാണ്.പ്രത്യേകിച്ചും പക്ഷികളുടെ കാര്യത്തിൽ.സസ്യ-ജന്തുജാലങ്ങളുടെയും കാര്യത്തിലും സ്ഥിതി മറ്റൊന്നല്ല.

## നഷ്ടപ്പെട്ട് പോയ/ നഷ്ടമായിക്കൊണ്ടിരിക്കുന്ന ജൈവ വൈവിദ്ധ്യം

- ഈ പ്രദേശത്തെ തണ്ണീർ തടങ്ങളിൽ വ്യാപകമായി കണ്ടിരുന്ന താഴാംബൂവ് ഈ പ്രദേശത്ത് നിന്നും അപ്രത്യക്ഷമായി
- മൂടില്ല താളി എന്നറിയപ്പെടുന്ന ഔഷധ സസ്യം ഇന്ന് ഈ പ്രദേശത്ത് ഇല്ല.
- തൊണ്ടിപ്പഴം ഇന്ന് ഈ പ്രദേശത്തെങ്ങും കാണാനില്ല.
- കുളമാവ് ,തൊമ്മൻ പുളിച്ചി അട്ടനാറി,ഇറച്ചി മാവ് എന്നീ നാടൻ മാവുകൾ ഇവിടെ കാണാനില്ല
- കുഴിവാഴ എന്ന നാടൻ വാഴ ഇവിടെ നിന്നും അപ്രത്യക്ഷമായി
- കരിമ്പനയും,കുടപ്പനയും നാമമാത്രമായി
- വള്ളി മാങ്ങ എന്ന വള്ളി ഈ പ്രദേശത്ത് ഇന്നില്ല
- അടതാപ്പ് എന്നറിയപ്പെടുന്ന കാച്ചിൽ ഇനം ഈ പ്രദേശത്തിന് നഷ്ടമായി
- ചേരക്കഴത്തൻ,കാട്ടുകാച്ചിൽ എന്നിവ ഇന്ന്ൻ വിരളമാണ്
- മുള്ളിലവും മുരുക്കും എണ്ണത്തിൽ വളരെ കുറഞ്ഞു
- പന്നിക്കുമിൾ,ഉപ്പുക്കുമിൾ മരക്കുമിൾ അരിക്കുമിൾ എന്നീ കൂൺ ഇനങ്ങൾ വിരളമായി
- കുടമുല്ലയും ഈർക്കിമുല്ലയും അപ്രത്യക്ഷമായി തുടങ്ങി
- ചെറു പേര എന്ന പേര ഇനം ഇവിടെങ്ങും കാണാനില്ല
- ചളയുംഈന്തും വിരളമായി
- ഗരുഡക്കൊടിയിൽ മുട്ടയിട്ട് കാലചക്രം പൂർത്തിയാക്കുന്ന ഗരുഡശലഭം ഗരുഡക്കൊടിയുടെ നാശം കാരണം വിരളമായി
- തണ്ണീർ തടങ്ങളുടെ നാശത്തോടെ തവളകളുടെ എണ്ണം കുറഞ്ഞു
- കര ഞണ്ട്,പാറ ഞണ്ട്,വയൽ ഞണ്ട് എന്നിവ ഈ പ്രദേശത്ത് നിന്ന് പാടെ അപ്രത്യക്ഷമായി
- വയൽ ചിപ്പി, നത്ത എന്നിവ കാണാനേ ഇല്ല
- നാട്ടിൻ പുറങ്ങളിൽ വന്നിരുന്ന ചെറിയ കാട്ടുമുയലിനെ ഈ പ്രദേശത്ത് വർ ഷങ്ങളായി കാണാറില്ല
- പച്ച തത്ത പാടെ അപ്രത്യക്ഷമായി
- ഓലേഞ്ഞാലി കുരുവികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി
- തുക്കണം കുരുവികൾ അപ്രത്യക്ഷമായി
- അണ്ണാൻറെ കാര്യത്തിൽ വ്യാപകമായ കുറവുണ്ടായി

## നഷ്ടപ്പെട്ട് പോയ/ നഷ്ടമായിക്കൊണ്ടിരിക്കുന്ന ജൈവ വൈവിദ്ധ്യത്തിനു

## കാരണങ്ങൾ

- ജൈവ വൈവിദ്ധ്യത്തിൻറെ പ്രാധാന്യത്തെ നിസാരവൽക്കരിച്ചു കാണുന്ന മനുഷ്യൻറെ പ്രകൃതവും .ഇവയൊന്നുമില്ലെങ്കിലും മനുഷ്യൻറെ നിലനിൽപ്പിനെ ബാധിക്കില്ല എന്ന മിഥ്യ ധാരണയും.
- തണ്ണീർ തടങ്ങളുടെ നാശം
- തൊഴിലുറപ്പുകാരുടെ പ്രാദേശിക ആവാസവ്യവസ്ഥകളുടെ വെട്ടി നികത്തൽ
- ജൈവ അധിനിവേശം ആണ് പല നാടൻ ഇനങ്ങളും ഈ പ്രദേശത്ത് നിന്നും അപ്രത്യക്ഷമാകാൻ കാരണം ആയത്
- പഴവർഗ്ഗങ്ങളുടെ കുറവാണ് അണ്ണാനും പക്ഷികളും എണ്ണത്തിൽ കുറയാൻ കാരണമായത്
- ഫാസ്റ്റ് ഫുഡിൻറെ വരവ് നമ്മുടെ സസ്യവിഭവങ്ങളുടെ പ്രാധാന്യം കുറയ്ക്കുകയും ഇതിൻറെ ഫലമായി അവയുടെ കൃഷി പാടെ അപ്രത്യക്ഷമാകുകയും ചെയ്തു
- അലോപ്പതിയുടെ കടന്നു കയറ്റം നമ്മുടെ പല ഔഷധ സസ്യങ്ങളുടെയും പ്രധാന്യം കുറയ്ക്കുകയും നാം അവയെ അവഗണിക്കുകയും ചെയ്തത് ഈ സസ്യങ്ങളുടെ നാശത്തിനു വഴിയൊരുക്കി.
- ചിത്രശലഭങ്ങൾക്ക് മുട്ടയിട്ട് പ്യൂപ്പയ്ക്ക് ആഹാരമാക്കാനുള്ള സസ്യങ്ങളുടെ എണ്ണത്തിൽ ഉണ്ടായ കുറവാണ് ചിത്രശലഭങ്ങുടെ എണ്ണം കുറയാൻ കാരണം
- നെൽവയലുകളുടെ നാശം പച്ച തത്തകളുൾപ്പെടെ പല പക്ഷികളും നശിക്കാൻ **കാരണമായ്.**

## നിർദ്ദേശങ്ങൾ

- ഓരോ പഞ്ചായത്തും നഷ്ടമാകുന്ന പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷനത്തിനായ് ഒരു ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക.
- നഷ്ടമായിക്കൊണ്ടിരിക്കുന്ന സസ്യജാലങ്ങളുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായ് സസ്യങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി സസ്യപരിചയം എന്ന പേരിൽ പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുക.
- ഓരോ വീട്ടിലും **ഔഷധതറ** എന്ന പേരിൽ ഔഷധ സസ്യങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക.പഞ്ചായത്ത് തലത്തിൽ ഇത്തരത്തിൽ നിര്മ്മിയ്ക്കുന്ന മികച്ച **ഔഷധതറകൾക്ക്** അവാർഡ് ഏർപ്പെടുത്തുക.

- തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കുമ്പോൾ പ്രാദേശിക ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് നടപ്പിലാക്കുക
- നഷ്ടപ്പെട്ട് പോയ/ നഷ്ടമായിക്കൊണ്ടിരിക്കുന്ന ജൈവ വൈവിദ്ധ്യത്തിൻറെ പ്രദർശനങ്ങൾ സംഘടിപ്പിക്കുക
- സ്കൂൾ അസംബ്ലിയിൽ പുസ്തക പരിചയം പോലെ **സസ്യപരിചയം** എന്ന പേരിൽ സസ്യങ്ങളെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്താം.
- നഷ്ടമാകുന്ന പ്രാദേശിക ജൈവ വൈവിധ്യങ്ങളുടെ വിവരണവും ഫോട്ടോയും സ്കൂളിൽ പ്രദര്ശിപ്പിക്കുന്നതിനായി പ്രത്യേകം ബോർഡ് സ്ഥാപിക്കുക.
- നഷ്ടമാകുന്ന പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷനത്തിനായ് സ്കൂളിൽ **പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷണ സമിതികൾ** രൂപീകരിക്കുക
- **പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷണ സമിതികളുടെ** നേതൃത്വത്തിൽ **പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷണ തോട്ടങ്ങൾ** സ്കൂളിൽ നിര്മ്മിക്കുക.





## മനുഷ്യത്വം കഥ

നന്ദന എസ്.ആർ 9 b

വൈകുന്നേരം. സൂര്യൻ പടിഞ്ഞാറേ അരികു ചേർന്ന് മയങ്ങാൻ തുടങ്ങി. അകത്തെ മുറിയിലെ ജനലരികിൽ ദക്ഷിണായന കാലത്ത് നേരത്തെ ഇരുട്ട് പരക്കുന്നത് നോക്കി അവൾ നിന്നു. മുറ്റത്ത് ആരുടെയൊക്കെയോ അവ്യക്തമായ സംസാരം. അച്ഛന്റെ സംസാരം മാത്രം ഉച്ചത്തിൽ കേൾക്കുന്നു.അപ്പോഴാണ് മുറ്റത്ത് നിന്ന് ഒരു എല്ലും തോലുമായ ഒരു പതിനെട്ടുകാരൻ കരഞ്ഞു കൊണ്ട് അവൾ നിന്ന ജനരികിലെ വഴിയിലൂടെ നടന്നു പോകുന്നു

“മനുഷ്യത്വം ഇല്ലാത്ത മനുഷ്യർ .ഇവരുടെ ഇടയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് മരണമാണ്. അവൻ പിറുപിറുത്തു കൊണ്ട് താഴെ നീണ്ടു നിവർന്നു കിടക്കുന്ന വഴിയിലേയ്ക്കു നടന്നു പോകുന്നത് അവൾ നോക്കി നിന്നു.അവനെ കണ്ടപ്പോൾ വല്ലാത്ത ദയനീയത തോന്നി.കാര്യം എന്താണെന്ന് അവൾക്കു മനസിലായില്ല.അവൾ മുറ്റത്തേയ്ക്കിറങ്ങിയപ്പോൾ അച്ഛനും അയലത്തെ പ്രേമ ചേച്ചിയും അമ്മയും നിൽപ്പുണ്ട്.ഒപ്പം അദ്ദേഹവുമുണ്ട്.അച്ഛൻ എന്തൊക്കെയോ ഉറക്കെ ആരെയോ ചീത്ത പറയുന്നു.അവൾക്ക് ഒന്നും മനസിലായില്ല.

“സന്ധ്യയ്ക്ക് അവൻ പാഞ്ഞു വന്നിരിക്കുന്നു ഇവനെയൊക്കെ എങ്ങനെ വിശ്വസിക്കും എന്തിനാണ് വരുന്നതെന്ന് ആർക്കറിയാം” എന്ന് അച്ഛൻ അദ്ദേഹത്തിൻറെ മുഖത്ത് നോക്കി പറഞ്ഞു കൊണ്ട് പറമ്പിലേക്ക് പോയി അപ്പോഴാണ് പ്രേമ ചേച്ചി അവളുടെ അടുത്തേയ്ക്ക് വിഷമത്തോടെ വന്നത്.അവൾ ചേച്ചിയുടെ മുഖത്തേയ്ക്കു നോക്കി

“മായേ ....................ഒരു പയ്യൻ, നെയ്യാറ്റിൻകരയിൽ ബി ബി എ യ്ക്ക് പഠിയ്ക്കുന്ന കുട്ടി.അവൻ അവൻറ പഠനത്തിൻറെ ഭാഗമായി സാധനങ്ങൾ വിൽക്കാൻ വന്നതാ. അവന് ഇന്നത്തെ ഹാജർ കിട്ടി മിനിമം മാർക്കിലെത്തൻ ഇനി 2 പോയിൻറു വേണം.അതിനു വേണ്ടിയാ അവന് ഈ ത്രിസന്ധ്യ നേരത്ത് ഓടി വന്നത്. ഒരുപാട് സ്ഥലത്ത് അലഞ്ഞു തിരിഞ്ഞു നടന്നിട്ടും ആരും ഒന്നും വാങ്ങിയില്ല.മായയുടെ അച്ഛൻ അവനെ ഒത്തിരി വഴക്ക് പറഞ്ഞു .അവൻറെ നെഞ്ചു പൊട്ടിയാണ് അവൻ ഇവിടെ നിന്നിറങ്ങിയത്. പാവം അവൻ” പ്രേമ ചേച്ചി വിഷമത്തോടെ പറഞ്ഞു

അപ്പോഴാണ് അവൻറെ നെഞ്ചു തകർന്നുള്ള ആ പോക്ക് അവൾ ഓർത്തത് അവളുടെ നെഞ്ച് വല്ലാതെ പിടഞ്ഞു. ഈ സ്ഥാനത്ത് തൻറെ മകനായിരുന്നെങ്കിലോ എന്ന് അവൾ ഓർത്തുപോയി. സിറ്റൌട്ടിൽ വേദനയോടെ അവൾ ആ നിൽപ്പ് നിന്ന്. മറ്റൊരാളുടെ വീട്ടു മുട്ടത്തു എത്തുമ്പോൾ ആട്ടിപ്പായിയ്ക്കുംബോഴുള്ള വിഷമം എത്ര വലുതാണ് അവൾ ഓർത്തു. സ്വന്തം അഭിമാനത്തെ അത് തകർത്തു കലയും അതും പടനാവ്ഴ്ശ്യത്തിനു എത്തിയപ്പോൾ.

“ഇവന്മാരൊക്കെ ആരാണെന്ന് ആർക്കറിയാം എന്ന് പിറ് പിറുത്തു കൊണ്ട് അദ്ദേഹം അകത്തേയ്ക്ക് പോയി”.

“മായേ അവൻ തിരികെ വരുകെയാനെങ്കിൽ നീ ഏതെങ്കിലും സാധനം വാങ്ങണം. നിനക്ക് വേണെങ്കിൽ അത് ഞാൻ പിന്നീട് കാശ് തന്നെടുതോലാം ഇപ്പോൾ എൻറെ കയ്യിൽ കാശില്ല.

അവളും അത് മനസ്സിൽ ഉറപ്പിച്ചതാണ്.അപ്പോഴാണ് അവൻ പോയ വഴിയിൽ നിന്ന് അവളുടെ വലിയമ്മയുടെ മകൾ സുജാത വീടിലെയ്ക്ക് കയറി വന്നത്.

"അവിടെ ഒരു പയ്യൻ താഴെ നിന്ന് കരയുന്നു. പഠനത്തിൻറെ ഭാഗമായി നെയ്യാറ്റിൻകരയിൽ നിന്ന് വന്നതാ" സുജാത ചേച്ചി പറഞ്ഞു.മുന്പോരിയ്ക്കൾ ഇത് പോലെ ഒരു പെൺകുട്ടി വന്ന വീട്ടു മുത്തു തളർന്നിരുന്നു.പഠനത്തിൻറെ ഭാഗമായി ഇവരെന്തിനാ കുട്ടികളെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. സുജാത ചേച്ചി തൻറെ ഓർമ്മയിലെ കാര്യം പറഞ്ഞു

അപ്പോഴാണ് അവൻ വെച്ച് വെച്ച് പോയ വഴിയെ നമ്മഷിരസ്കനായി തിരിച്ചു പോകണോ വേണ്ടയോ എന്ന് ആലോചിച്ച് തിരികെ വരുന്നത് അവൾ കണ്ടത്

"പ്രേമചേച്ചി അവനെ വിളിയ്ക്കു" .................അവൾ യാന്ത്രികമായി പറഞ്ഞു.

പ്രേമച്ചേച്ചി അവനെ വിളിച്ചു "മോനെ വാ" .....................................

അവൻ അവിടെ നിന്ന് കയറണമോ വേണ്ടയോ എന്നാലോചിച്ച്

എന്നിട്ട് പേടിച്ചു പേടിച്ചു മുറ്റത്തേയ്ക്ക് വന്നു. മിണ്ടാതെ നിന്നു.

"നിൻറെ ഐഡന്റിറ്റി കാർഡ് എടുക്ക്."

അകത്തു നിന്ന് അദ്ദേഹം അവനോടു പറഞ്ഞു കൊണ്ട് പുറത്തു വന്നു

"സർ എനിയ്ക്കെതിരെ പരാതി കൊടുക്കാനാണോ" അവൻ ഐഡന്റിറ്റി കാർഡ് കൊടുക്കാൻ മടിച്ചു.അദ്ദേഹം ഒന്ന് കൂടെ ചോദിച്ചു അവൻ മടിച് മടിച്ചു കൊടുത്തു.

ഐഡന്റിറ്റി കാർഡ് വാങ്ങി നോക്കി ത്രിപ്തിയായ ശേഷം "നിൻറെ കയ്യിൽ കാശുണ്ടെങ്കിൽ നീ വാങ്ങ്" അവളോട് പറഞ്ഞിട്ട് എന്ന് പറഞ്ഞു അകത്തു പോയി.

അപ്പോൾ അവനു ആരും ഒന്നും വാങ്ങണം എന്നില്ലായിരുന്നു.നിസംഗഭാവം.ആകെ അവൻറെ കയ്യിൽ ഉള്ളത് തേയില പൊടിയും സോപ്പ് പൊടിയും ഫുഡ് കണ്ടയ്നരും മാത്രമായിരുന്നു .ഒന്നും അവൾക്കു ആവശ്യം ഇല്ലായിരുന്നു അവൾ തെയിലപ്പൊടി വാങ്ങി .2 ബോട്ടിൽ ഇരിപ്പുണ്ട് എങ്കിലും അവൻറെ ഒരു മാർക്കിനു വേണ്ടി അവളതു വാങ്ങി.

ഇനി ഒരു മാർക്ക് അവൻ പിറുപിറുത്ത് കൊണ്ട് എഴുന്നേൽക്കാൻ തുടങ്ങി

.ആ ഒരു മാർക്ക് കൂടെ ഞാൻ തരാം ആ സോപ്പ് പൊടി കൂടെ തരു. അവന്റെ മുഖം വിടർന്നു എങ്കിലും അവന്റെ മുഖത്ത് ചിരി പടർന്നില്ല

"എന്തും കച്ചവട വസ്തു ആകുന്ന ഈ ലോകത്ത് കച്ചവട തന്ത്രം അറിയാത്തവൻ വിഡ്ഢി.അവനു ഈ കാലത്ത് ജീവിയ്ക്കാൻ കഴിയില്ല. സെന്റിമെൻസു പോലും വില്പനതന്ത്രമാക്കുന്ന ഈ കാലമാണ് നമ്മുടെ മുന്നിലെ വെല്ലുവിളി." അവൾ അവനോട് പറഞ്ഞു

സോപ്പ് പോടീ എൻറെ നേർക്ക് നീട്ടിയിട്ട് അവൻ അവളോട് പറഞ്ഞു ഇന്ന് കഴിച്ചത് വെറും ഡ്രിങ്ക്സും പപ്സും ആണ്. എങ്കിലും ഇപ്പോൾ വയറു നിറഞ്ഞു.എൻറെ മനസും. ചിലപ്പോൾ ഈശ്വരൻ മുന്നിൽ വരുന്നത് മനുഷ്യരൂപത്തിൽ ആണെന്ന് കേട്ടിട്ടുണ്ട്. ഇപ്പോൾ ഞാനത് അനുഭവിച്ചു.

# വേങ്ങയിൽ കുഞ്ഞിരാമൻ നായർ

കേസരി എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട വേങ്ങയിൽ കുഞ്ഞിരാമൻ നായർ 1860-ൽ കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ചിറയ്ക്കലിൽ മാതമംഗലത്ത് ജനിച്ചു. മലയാളത്തിൽ ആദ്യ കഥയെന്ന് പൊതുവെ അംഗീകരിക്കുന്ന വാസനാവി കൃതിയുടെ കർത്താവാണ് കേസരി . 1892-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിലും 1912 -ൽ മദിരാശി നിയമസഭയിലും അംഗമായി .1914 -ൽ അന്തരിച്ചു.

**Revathy . s**

9.B




ലഹരി വിരുദ്ധ ദിനം

# മുക്കുറ്റിപൂവ്

ലിസി ആർ
എസ്.എസ് അധ്യാപിക



കുഞ്ഞിലകൾക്കിടയിലായൊരു
കുഞ്ഞു തുള്ളി പോലൊരു
മുക്കുറ്റി പൂ വിടരുകയായ്......
കുഞ്ഞുടൻ കുടഞ്ഞുടൻ
മഞ്ഞു തുള്ളി തെറ്റിയപേൽ
മുക്കുറ്റി പൂ വിടരുകയായ്........
ആർഭാടമില്ലാതെ
ആരവമില്ലാതെ
മുക്കുറ്റി പൂ വിടരുകയായ്
പൊന്നടലുലയാതെ
തൻ തലമെല്ലെയുയർത്തിയാ
മുക്കുറ്റി പൂ വിടരുകയായ്......
ചെറുകാറ്റിലയതാ
മഞ്ഞയുടയാടയുലയവേ
വലയുകയായ്........
താപകിരണങ്ങളേറ്റിതാ
പൂവുടൽ വലയുന്നു
മുക്കുറ്റി പൂ തളരുകയായ്...........
വെയിൽ മങ്ങിയകലവേ
വെയിലേറ്റ് വാടിയൊരാ
മുക്കുറ്റി പൂ വണയുകയായ്............

# അമ്മ കഥ



**ഒ**രിക്കൽ ഒരിടത്ത് ചെവികൾ ഇല്ലാതെ ഒരുകുഞ്ഞ് ജനിച്ചു. ഒരു ആൺ കുഞ്ഞ്. കാതുകളില്ലെങ്കിലും അവന് കേൾവിയ്ക്ക് കുഴപ്പമില്ലായിരുന്നു.അവൻ വളർന്നു വലുതായി. ക്ളാസിൽ ഒന്നാമതായി. എന്നാലും ചെവികളുടെ അപാകത അവന്റെ മനസിനെ അലട്ടിക്കൊണ്ടിരുന്നു. കൂട്ടുകാരുടെ പരിഹാസം കേട്ട് സഹിയില്ലാതെ അവൻ ഒരു ദിവസം വൈകുന്നേരം വീട്ടിൽ വന്നിരുന്ന് ഒരുപാടു കരഞ്ഞു.

അവൻ അച്ഛനോടായി പറഞ്ഞു; "അച്ഛാ എനിയ്ക്കു ചെവികൾ വേണം. എന്റെ കൂട്ടുകാർ എന്നെ പരിഹസിയ്ക്കുന്നു" അവന്റെ വിഷമം കേട്ട് സഹിയില്ലാതെ ഒരു ദിവസം അവൻെറ അച്ഛൻ അവനെ ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടർപറഞ്ഞു;"നിങ്ങൾ എവിടെ നിന്നെങ്കിലും രണ്ട് കാതുകൾ സംഘടിപ്പിക്കു. എന്നാൽ *ഞാൻ തുന്നിച്ചേർക്കാം" അങ്ങനെ ദിവസങ്ങളുടെ കാത്തിരുപ്പിനു ശേഷം അവനു വേണ്ടി ആരോ കാതുകൾ നല്കാമെന്നു പറഞ്ഞു. അങ്ങനെ അന്നുതന്നെ ആശുപത്രിയിൽ കൊണ്ടുപോയി. ഓപ്പറേഷൻ വളരെ വിജയകരമായിനടന്നു.*

അങ്ങനെ വർഷങ്ങൾ കഴിഞ്ഞുപോയി. അവൻ വലുതായി. വലിയനിലയിലെത്തി. ഒരു ദിവസം തൻെറ അച്ഛനോടായിചോദിച്ചു. അച്ഛാ, എനിയ്ക്ക് ആരാണ് അന്ന് കാതുകൾ നൽകിയത്. അച്ഛൻ ആദ്യമൊക്കെ വിസമ്മതിച്ചെങ്കിലും അവസാനം അവന്റെ നിർബന്ധത്തിന് വഴങ്ങി. അവനെ ഒരു മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി അവിടെ അവന്റെ അമ്മ ഇരിപ്പുണ്ടായിരുന്നു. അച്ഛൻ അമ്മയുടെ മുടിയിഴകൾ പയ്യെ പുറകിലേക്ക് എടുത്തിട്ടു അപ്പോഴാണ് അവൻ ശ്രദ്ധിച്ചത് അമ്മയ്ക്ക് ചെവികൾ ഇല്ല....അവന്റെഹൃദയം പൊടിയുന്നത് പോലെ തോന്നി കാരണം ഒരിയ്ക്കൽ പോലും അവൻ അവന്റെ അമ്മയെശ്രദ്ധിച്ചിട്ടില്ല. അവന് അതിയായ പശ്ചാതാപം തോന്നി. അവൻ അമ്മയുടെ കാലുകൾപിടി ച്ച് കരഞ്ഞു. അമ്മ അവനെ എഴുന്നേൽപിച്ച് നിർത്തി അവനെ സമാധാനിപ്പിച്ചു. അവൻ അമ്മയോട് ചോദിച്ചു. "എന്തിനുവേണ്ടി അമ്മ എനിക്ക് ഈ ചെവികൾ തന്നു.?"അപ്പോൾ അവന്റെ അച്ഛൻ പറഞ്ഞു, *അത് നിന്റെ അമ്മയായതുകൊണ്ട്* .......................................

*അമൃത നെൽസൺ*
*9 സി*




ശ്രദ്ധ ക്ലാസ്സ്


मोर
इमली
केला
तोता
कौआ



## മഞ്ഞപ്പൂക്കൾ

**സംഗീത 10 c**

***കഥ***

*ആരുമില്ലേ എന്ന നീട്ടിയ വിളി കേട്ടാണ് ഉമ്മറത്തെക്ക് ഞാൻ പോയത. എനിയ്ക്ക് മുൻപേ മോൾ എത്തിയിരുന്നു.കണ്ടു പരിചിതമായ മുഖം. അൻപതിന്റെ എത്തി നോട്ടം ആ മുഖത്ത് മങ്ങലേൽപ്പിച്ചിരിക്കുന്നു. ചിരി വരാത്ത മുഖത്ത് ചിരി വിടർത്തി കൊണ്ട് അവർ കയ്യിലിരുന്ന സഞ്ചി താഴേയ്ക്ക് വച്ചു. അതിലെന്താണെന്ന് ഞാൻ ആകാംക്ഷയോടെ നോക്കി*

*അവർ ഒരു കുല മഞ്ഞ പ്ലാസ്റ്റിക് പൂക്കൾ പുറത്തേയ്ക്ക് എടുത്തു. ആ മഞ്ഞപ്പൂക്കൾ കണ്ടപ്പോൾ ഞാൻ പെട്ടെന്ന് ഓർത്തത അവരുടെ പഴയ സുന്ദരമായ മുഖമായിരുന്നു. ഉടുത്തൊരുങ്ങി ശരീരം വിൽക്കാൻ ഇറങ്ങിയിരുന്ന അവർക്ക് ഈ മഞ്ഞപ്പൂക്കളെപോലെ ഒരു ചന്തമുണ്ടായിരുന്നു. മോളെ ഞാൻ രാവിലെ ഇറങ്ങിയതാ. ഈ പൂക്കളും കൊണ്ട്. ആരും ഒന്ന് തിരിഞ്ഞു നോക്കുക പോലും ചെയ്തില്ല. എന്റെ ശരീരത്തിനു വേണ്ടി എന്റെ അടുത്ത് വന്ന പല പകൽ മാന്യന്മാരും എന്നെ മുട്ടത്തു. കണ്ടപ്പോഴേ ആട്ടി പായിച്ചു.ഇതാണ് മോളെ സമൂഹം.മാന്യമായി ഒരു തൊഴിൽ ചെയ്തു ജീവിക്കാമെന്നു കരുതിയത് എന്റെ മോളെ ഓർത്താണ്.അതിനും ആരും സമ്മതിക്കില്ല മോളെ.അവളും എന്നെ പോലെ ................അത് ഓർക്കാൻ എനിക്ക് വയ്യ ഇതിൽ ഒരെണ്ണം വിറ്റിരുന്നെങ്കിൽ എനിക്ക് ആഹാരത്തിനുള്ള വക കിട്ടുമായിരുന്നു.*

*ഞാൻ പൈസയെടുക്കാൻ വേണ്ടി പൂവും വാങ്ങി അകത്തേയ്ക്ക് പോകാൻ തുടങ്ങിയപ്പോൾ നൂറു രൂപയും നീട്ടി പിടിച്ചു കൊണ്ട് എന്റെ മകൾ നിൽപ്പുണ്ടായിരുന്നു.*

*മോളെ ഇത് നിനക്ക് ബാർബി ഡോളിന്റെ സ്റ്റിക്കർ വാങ്ങാൻ നീ ഏറെ ആഗ്രഹിച്ചു കൂട്ടി വച്ച പണമല്ലേ അത് വച്ചേയ്ക്കൂ ഞാൻ കൊടുക്കാം മോളെ. ഇല്ലമ്മേ ഇത് ആ അമ്മയുടെ മോളെ ബാർബി ഡോൾ ആക്കാൻ ഞാൻ ആ അമ്മയ്ക്ക് നൽകുന്ന സമ്മാനമാണ്.*

*അവൾ ആ മഞ്ഞ പൂക്കൾ അവളുടെ മേശപ്പുറത്തു വച്ചു.പിന്നീടൊരിക്കലും ബാർബി ഡോളിന്റെ സ്റ്റിക്കർ വാങ്ങാൻ അവൾ വാശി പിടിച്ചിട്ടേ ഇല്ല.*

# എന്തിന്ന മഴയീക്രൂരത.........

വൈഷ്ണവി 8B



മഴകാത്തു ഞാനെന്റെ വീട്ടുപടിക്കൽ
ചോദ്യങ്ങളുമായ് കാത്തിരുന്നു
എന്തേമഴേ നീ വൈകുന്നു ഇത്റയും
മണ്ണിൽ പതിക്കാൻ മോഹമില്ലേ

പെട്ടെന്നൊരിളം കാറ്റ് വന്നുതലോടി
മഴവന്നു മണ്ണിൽ പതിച്ചപ്പോൾ
കളകളനാദമുയർന്നുകൂടെ
മഴക്കിളി വാനിൽ പറന്നു

കാറ്റും മഴയും ഇടിമിന്നലുകളും
തൊട്ടു പുറകേ ഓടിയെത്തി
ഞെട്ടി വിറച്ചു ഞാൻ വീട്ടിനുള്ളിലേക്കോടി
ഓടിയൊളിച്ചു പുതപ്പിനുള്ളിൽ

പിന്നെയും പിന്നെയും ചോദ്യങ്ങൾ
മുളപൊട്ടി എങ്ങനെയുണ്ടാക്കുന്നു
ഇതെല്ലാം
കാറ്റും മഴയും ഇടിമിന്നലുകളും
എന്നിൽ നിന്നും അകന്നുപോയി

ചെടികളും മരങ്ങളും മണ്ണിൽ തലകുത്തി
കിടക്കുന്ന കാഴ്ചകൾ ദയനീയമാം
എന്തിനീ ക്രൂരത ചെയ്യുന്നു മഴയെന്നു
*ഞാനറിയാതെ ചിന്തിച്ചു പോയി.*


സ്കൂളിലെ ജമന്തി കൃഷി



# പെൺകുട്ടി

ലിസി ആർ ( എസ്.എസ്. ടീച്ചർ)



വീണ്ടുമൊരു പെൺകുഞ്ഞുകൂടി
ഉദയസൂര്യൻെറ കിരണമേറ്റുവാങ്ങി
അമ്മതൻ മടിത്തട്ടിലായവാല്യ
താരാട്ടുകേട്ട് സുഖസുഷുപ്തിയാണ്ടു.....
അമ്മിഞ്ഞയമ്മ പകർന്നുനൽകി.....
കുഞ്ഞിക്കവിളിൽ മുത്തമിട്ടു
പിന്നെയവൾ പതിയെ പിച്ചവച്ചു
താരാട്ട് പാട്ടുങ്ങോ അലിഞ്ഞുപോയി
അമ്മയെ അവൾ പിന്നെ കണ്ടതില്ല
കുഞ്ഞി കൺകളിൽ നീർ നിറഞ്ഞു
അമ്മയെയോർത്തവൾ നിലവിളിച്ചു............
ആരോ പറഞ്ഞവൾ കാതിൽ കേട്ടു........
അമ്മയാരോടോയൊപ്പം പോയതത്രെ
അർഥമവൾ ഗ്രഹിച്ചതില്ല
പിന്നെയും ഓർത്തവൾ തേങ്ങി
അമ്മയെ കാണാനവൾ ശഠിച്ചു
അച്ഛൻെറ ചാരത്തവൾ ഉറങ്ങി
പറവകൾ പറന്നകന്നുപോയ്
ദേശാടനകിളി പോയ് മറഞ്ഞു.........
അമ്മയെ അവൾ മറവിയാക്കി
കത്തുന്ന നോവ് ഉള്ളിലാക്കി
അച്ഛൻെറ ശാസന മുഴങ്ങിനിന്നു
ബന്ധുക്കൾ ശാസനയേറ്റു പാടി
കൺമഷി കണ്ണിനെയലങ്കരിച്ചു
ചുണ്ടത്ത് പുഞ്ചിരിയെത്തി നോക്കി
കണ്ണിലെ ശോകം മാഞ്ഞു പോയി
ഉള്ളിലായി ദാനം ഒളിച്ചു നിന്നു............

നഷ്ടമായൊരാ മാതൃ സ്നേഹം
വിങ്ങലായ് ഉള്ളിൽ തങ്ങി നിന്നു
സ്നേഹത്തിനായി ദാനമേറി
പ്രായമതിനൊരു രൂപമേകി......
എന്നോ എങ്ങോ പല കൺകളടക്കി നിന്നു......
സ്നേഹത്തിൻ ഛായയവൾക്കു തോന്നി........
ഒന്നല്ല രണ്ടല്ല ആയിരമായ്.........
സ്നേഹത്തിനായവൾ ആർത്തിപൂണ്ടു........
ശാസനയൊക്കെയും ആവിയായി
ദാനമതിനൊരു വേദിയായി
വീണ്ടുമൊരു പെൺ കുട്ടി കൂടി
കനവിൻെറ കനലിൽ കാലു പൊള്ളി.............
***അസ്തമയ സൂര്യൻ ചുമന്നു താണു.......***



# ഊർജ്ജോത്സവം





## പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം



# മാലിന്യത്താൽ നിറയുന്ന കേരളം

**എത്ര സുന്ദരമായിരുന്നു നമ്മുടെ കേരളം. നിറഞ്ഞൊഴുകുന്ന പുഴകളും കൈത്തോടുകളും കുളങ്ങളും അരുവികളും നെൽ കൃഷികളും കേരവൃക്ഷങ്ങളും തിങ്ങിനിറഞ്ഞ കേരളം.എന്നാൽ ഇപ്പോൾ നമ്മുടെ ചുറ്റുപാടും നോക്കുമ്പോൾ തന്നെ കാണാൻ കഴിയുന്നത് മാലിന്യങ്ങളാൽ നിറഞ്ഞ പുഴകളും തോടുകളും പൊതുസ്ഥാപനങ്ങളും പരിസ്ഥിതിയുമാണ്. അഴുകുന്നതും അഴുകാത്തതുമായ രണ്ടുതരം മാലിന്യങ്ങളാണ് നമ്മുടെ പരിസ്ഥിതിയില് ഉണ്ടാകുന്നത്. ഇത് നാംതന്നെ ഉപയോഗിക്കുന്നതും പാഴാക്കുന്നതുമായ വസ്തുക്കളാണ്.**

**കത്തിക്കുന്ന മാലിന്യങ്ങൾ കാരണം അർബുധം,ത്വക്ക് രോഗങ്ങൾ,കരൾ രോഗങ്ങൾ,ഹോർമോൺ വ്യതിയാനം,രോഗപ്രതിരോതശേഷിഇല്ലായ്മ, പ്രത്യുൽപാതന തകരാറുകൾ,ജനിതകരോഗങ്ങൾ,ആസ്ത്മാ,ഹ്രിദയരോഗം, ശ്വാസകോശ രോഗങ്ങൾ,എന്നിവ എല്ലാം ഉണ്ടാകുന്നു.**

**പുകവലി മദ്യപാനം തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗം ക്യാൻസർ പക്ഷാഘാതം തുടങ്ങിയ രോഗങ്ങളും ആവശ്യമായ വ്യായാമത്തിന്റെ കുറവ് കൊണ്ട് പകർചേതര വ്യാധികളായ പ്രമേഹം,രക്തസമ്മർദ്ധം, കൊളസ്ട്രോൾ എന്നീ രോഗങ്ങളും ഉണ്ടാകുന്നതിന് കാരണമാകുന്നു. ഇതിന്റെ ഗൗരവം നാം മനസ്സിലാക്കാതിരുന്നാൽ വരാനിരിക്കുന്ന തലമുറയ്ക്ക് ഒരു കാൽ ചുവടുപോലും ഈ ഭൂമിയിൽ ചുവടുറപ്പിക്കാൻ കഴിയില്ല.**

**എല്ലാ രോഗങ്ങളും പരസ്പര ബന്ധമുള്ളതാണ്. ശീലങ്ങളാണ് രോഗങ്ങൾ വരുത്തുന്നതും പകർച്ചാവ്യാധികൾ കൊണ്ട് വരുന്നതും കൊതുകുജന്യരോഗങ്ങൾ**
**വായുവിലൂടെ പകരുന്ന രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ എന്നിവ മനുഷ്യന്റെ തെറ്റായ ശീലങ്ങൾ കൊണ്ട് സംഭവിക്കുന്നതാണ്. പുതിയ ശീലങ്ങൾ തുടങ്ങാനും,പഴയ ശീലങ്ങൾ മാറ്റാനും പ്രയാസമാണ്. ഒന്നിച്ചുനിന്നാൽ സാമുഹ്യശീലങ്ങളിൽ മാറ്റം വരുത്താൻ കഴിയും. ശീലങ്ങളാണ് രോഗങ്ങൾക്ക് അടിസ്ഥാനം. ആയതിനാൽ തെറ്റായ ശീലങ്ങൾ മാറ്റിയാൽ രോഗാവസ്ഥ മാറ്റിയെടുക്കാൻ കഴിയും. ഇതിന്റെ ഗൗരവങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെസർക്കാർ രൂപംകൊടുത്ത ഒരു പുതിയ പദ്ധതിയാണ് നവകേരള മിഷൻ. അതിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ് ഹരിതകേരള മിഷൻ ഇതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രധാന പങ്ക് വഹിക്കുന്നു**

*നന്ദന.എസ്.ആർ IX B*



## വായനാദിനാ ഘോഷങ്ങൾ







## ശിശുദിനാഘോ ഷങ്ങൾ

# മധുരം പോലെ അമ്മ



മുത്തശ്ശിമാവിന്റെ ചോട്ടിലിരുന്ന
കുഞ്ഞ് അണ്ണാർക്കണ്ണന്മാരെ
ഒത്തിരിയൊത്തിരി തേൻകനി
ഇന്നെനിക്കൊത്തിരിയൊത്തിരി
തന്നുവെങ്കിൽ
നന്മയും തിന്മയും
ചൊല്ലി തന്ന
അമ്മയ്ക്കൊന്ന് സമ്മാനിച്ചെങ്കില്
അമ്മയ്ക്കൊന്ന് സമ്മാനിച്ചെങ്കിൽ

അടുത്ത സുഹൃത്തും
അമ്മയുമായ ഒരോറ്റയമ്മ
എന്റെ പൊന്നമ്മ
ആദ്യാക്ഷരം പഠിപ്പിച്ചതെന്റെയമ്മ
ആദ്യാക്ഷരം പഠിപ്പിച്ചതെന്റെയമ്മ

ആദിത്യ.എസ്. ആർ

*VII C*

# *മദർ തെരേസ*

*1910-ൽ അൽബേനിയയിലാണ് മദർ തെരേസ ജനിച്ചത്. കുട്ടിക്കാലത്തെ പേര് ആഗ്നസ് എന്നായിരുന്നു. അച്ഛന്റെ മരണശേഷം ആഗ്നസിന്റെ കുടുംബം ദാരിദ്ര്യത്തിലാണ്ടു. പതിനെട്ടാമത്തെ വയസ്സിൽ കന്യാസ്ത്രീയായി. 1937-ൽ തെരേസ എന്ന നാമം സ്വീകരിച്ചു.*




*സുമേഖ്.എസ്.അനിൽ 9 b*

## മലമുഴക്കി വേഴാമ്പൽ

***നമ്മുടെ സംസ്ഥാന പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ. നിത്യഹരിത വനങ്ങളിലാണ് ഇതിനെ കാണപ്പെടുന്നത്. വളരെ മനോഹരമായ ഒരു പക്ഷിയാണിത്.കാപ്പിപ്പൊടിയും വെള്ളയും കലർന്ന നിറമാണിതിന്.കഴുത്തിന്പുറകിൽ ഓറഞ്ച് നിറമാണ്. നീണ്ട വളഞ്ഞ കൊക്കും മനോഹരമായ ശബ്ദവും വേഴാമ്പലിനുണ്ട്.മരങ്ങളിലെ പുഴുക്കളുമാണ് ഇവയുടെ ആഹാരം.അപൂർവ്വമായി മാത്രം കാണപ്പെടുന്ന ഇവ ഇപ്പോൾ വംശനാഷഭീഷണിയിലാണ്***




# എം . പി . പോൾ



*1904 വരാപ്പുഴയിൽ ജനിച്ചു .ചങ്ങനാശേരി എസ്ബികോളേജ് തൃശ്ശൂർ സെൻതോമസ് കോളേജ് എന്നിവടങ്ങളിൽ പ്രഫസർ ആയിരുന്നു . പുരോഗമന സാഹിത്യ സംഘടനയുടെ സ്ഥാപകധ്യക്ഷൻ സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ് എന്നീനിലകളിൽ പ്രവർത്തിച്ചു. നോവൽ സാഹിത്യം ചെറുകഥപ്രസ്ഥാനം സൗന്ദര്യ നിരീക്ഷണം ഗദ്യഗതി സാഹിത്യവിചാരം എന്നിവയായിരുന്ന പ്രധാന ക്രതികൾ 1952 ൽ എം പി പോൾ അന്തരിച്ചു.*




പുസ്തകമരം


Cyber awareness class

# അമ്മ മരണം കഥ

ഡോ.പ്രിയങ്ക പി.യു

"അമ്മ മരിച്ചു".
ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻറെ പടിവാതിൽക്കൽ എത്തിയപ്പോഴേ അമ്മ മരിച്ചു.
അവൾ ഓഫീസിലെ തൻറെ സീറ്റിൽ ഇരുന്നു പിറുപിറുത്തു.
അടുത്തിരുന്ന മേഘ അവളെ തട്ടിവിളിച്ചു .
"എന്തുപറ്റി നിനക്ക് ഒറ്റയ്ക്കിരുന്നു ഒരു വർത്തമാനം".കയ്യിൽ നിവർത്തിപ്പിടിച്ച പത്രത്താളിൽ അമ്മ കഴുത്തറുത്തു കൊന്ന മകൻറെയും അമ്മയുടെയും ചിത്രങ്ങളും വാർത്തയും. അതിലേയ്ക്ക് പാളി നോക്കിയിട്ട് മേഘ ചോദിച്ചു
"അമ്മയല്ലല്ലോ മരിച്ചത് മകനല്ലേ"?
അവളിരുന്ന ടേബിളിൽ ചിതറിക്കിടന്ന പത്രകട്ടിങ്ങുകളുടെ തലക്കെട്ടുകളിലൂടെ മേഘ കണ്ണോടിച്ചു.
നാസിക്: മകളുടെ വാശിയിൽ മനംമടുത്ത്, ഒരു വയസ്സുകാരിയെ അമ്മ കഴുത്തറുത്ത് കൊന്നു......മാതൃഭൂമി

14–മാസം പ്രായമുള്ള കുഞ്ഞ് ശല്യം; കഴുത്തറുത്ത് കൊന്ന് അമ്മ; നടുക്കം...മലയാളമനോരമ

"എല്ലാത്തിലും മരിച്ചത് കുഞ്ഞുങ്ങളാണല്ലോ"? മേഘ വീണ്ടും ചോദിച്ചു.

"അല്ല അമ്മ മരിച്ചു" അവൾ വീണ്ടും ആവർത്തിച്ചു.
"നീ എന്ത് ഭ്രാന്ത് ആണ് ഈ പറയുന്നത്" മേഘയ്ക്ക് ദേഷ്യം വന്നു.
"ഇവൾക്ക് വട്ടാണ് ഇവൾ എന്തൊക്കെയാ ഈ പുലമ്പുന്നത്". എന്ന് പറഞ്ഞു കൊണ്ട് മേഘ ക്ലോക്കിലേയ്ക്ക് നോക്കി
ക്ലോക്കിൽ 5 മണി ആയെന്നു കണ്ടപ്പോൾ മേഘ ബാഗ് എടുത്തു വീട്ടിലേയ്ക്ക് പോകാനായി പുറത്തേയ്ക്കിറങ്ങികഴിഞ്ഞു.കമ്പ്യൂട്ടർ ഓഫ് ചെയ്ത് സീറ്റിൽ നിന്നെഴുന്നേറ്റപ്പോൾ മനസ്സിൽ വല്ലാത്ത അസ്വസ്ഥത.പതിയെ വീട്ടിൽ പോകാനിറങ്ങി.മനസ്സിൽ വല്ലാത്ത ഭാരം സ്വന്തം അവിഹതത്തിനു തടസമായി നിൽക്കുന്ന മക്കളെ നിഷ്കരുണം കൊന്നെറിയുന്ന അമ്മമാരായിരുന്നു മനസു നിറയെ. മക്കളുടെ വയറു നിറയ്ക്കാൻ സ്വന്തം ശരീരം വിൽക്കുന്ന അമ്മമാരെ അവൾ മനസ്സിൽ നമിച്ചു.
.ലോകചരിത്രത്തിലോ ഇതിഹാസങ്ങളിലോ കാണാൻ കഴിയാത്ത ക്രൂരത. കൃഷ്ണനെ കൊല്ലാൻ വന്ന പൂതന പോലും സുന്ദരിയായി വന്നു വിഷപ്പാൽ നൽകിയാണ് കൊല്ലാൻ ശ്രമിച്ചത്.ഇന്നത്തെ ഹിടുംബികൾ തലയ്ക്കിടിച്ചും കഴുത്തറുത്തും മക്കളെ കൊന്നൊടുക്കുന്നു.

ഓഫീസിൻ്റെ പടികൾ ഇറങ്ങി. വീട്ടിലേയ്ക്ക് പോയില്ല. അടുത്തുള്ള ബീച്ചിലേയ്ക്ക് പോയി ഒറ്റയ്ക്കിരുന്നു.അവിടെ നിറയെ ഓടിക്കളിക്കുന്ന കുട്ടികൾ.കൂടെ അമ്മമാരും ഉണ്ട് .അവളുടെ ശ്രദ്ധ അതിലൊന്നും പതിഞ്ഞില്ല.സൂര്യൻ ചക്രവാളത്തിലേയ്ക്കടുക്കുന്നു.അവളുടെ നെഞ്ച് പിടയ്ക്കുന്നു.അവൾ ബാഗിൽ നിന്നും ഒരു കടലാസ് തുണ്ടും പേനയും എടുത്തു മനസ് അതിലേയ്ക്ക് പകർത്തി

"അരുതെയെന്നവൻ കേണു ചൊല്ലി
കൊല്ലരുതെയെന്നവൻ നിന്ന് തേങ്ങി
ഉണ്ണിക്കണ്ണുകൾ രണ്ടും നിറഞ്ഞൊഴുകി
ഉണ്ണി ചുണ്ടുകൾ രണ്ടും വിറച്ചു നിന്നു
കൊല്ലരുതെയെന്നവൻ തേങ്ങി "......................

അവൾ എഴുതി പൂർത്തിയാക്കാതെ പേപ്പർ മടക്കി ബാഗിലിട്ടു.
"മക്കളെ കൊല്ലാൻ തീരുമാനിക്കുന്ന അമ്മയുടെ മനസ് എന്തായിരിയ്ക്കും? അവിടെ കവികൾ പുകഴ്ത്തിയ അമ്മ മനസ് കാണില്ലേ? മക്കൾക്കായി പ്രാണൻ നൽകുന്ന മാതൃത്വം ഇല്ലേ? എവിടെ പോയി അമ്മ. ജീവൻ കൊടുത്തവൾ ജീവനെടുക്കുന്നു.അവളുടെ മനസ് കടൽ പോലെ കലങ്ങി മറിഞ്ഞു.
സൂര്യൻ ചുവപ്പ് പടർത്തി . കടൽത്തീരത്ത് തിരക്ക് ഒഴിഞ്ഞു തുടങ്ങി.
"ഇല്ല അമ്മ മരിച്ചു".പൂതപ്പാട്ടിൽ പൂതത്തിൻ്റെ കയ്യിൽ നിന്നും കുഞ്ഞിനെ കിട്ടാനായി കണ്ണ് ചൂഴ്ന്നു നൽകിയ നങ്ങേലി അമ്മ മരിച്ചു."
ഒ എൻ വി കുറുപ്പിൻ്റെ അമ്മയെന്ന കവിത അവൾ കടല്തീരത്തിരുന്നു ഹെഡ് സെറ്റിലൂടെ കേട്ടു.ഒൻപതു കല്ലണിക്കാരിൽ മൂത്തയാൾ വേട്ടവളെ ഭിത്തി ഉറയ്ക്കാനായി ചേർത്ത് കെട്ടിയപ്പോൾ

"കെട്ടി മറയ്ക്കൊല്ലെൻ പാതി നെഞ്ചം
കെട്ടിമാറയ്ക്കല്ലേ എന്റെ കയ്യും
എൻ്റെ പൊന്നോമന കേണിടുമ്പോൾ
എൻ്റെ അടുത്തേയ്ക്ക് കൊണ്ട് പോരു
ഈ കയ്യാൽ കുഞ്ഞിനെ ഏറ്റുവാങ്ങി
ഈ മുലയൂട്ടാൻ അനുവദിക്കു" എന്ന വരികൾ അവൾ ആവർത്തിച്ചു ആവർത്തിച്ചു കേട്ടു.ആ അമ്മയും മരിച്ചു.

*സൂര്യൻ അസ്തമിക്കാറായി. ചുറ്റുമുള്ള മേഘങ്ങൾ ചുവന്നു തുടുത്തു. അതാ മേഘങ്ങൾക്കിടയിൽ ഒരുവശത്ത് അമ്മ മരണം ഏറ്റുവാങ്ങിയ നങ്ങേലി പൂതമായി മാറുന്നു. മറ്റൊരിടത്ത് അങ്ങ് ദൂരെ ചക്രവാള സീമയ്ക്കപ്പുറം അവളുടെ കാഴ്ചയുടെ ചക്രവാളത്തിൽ പൂതപ്പാട്ടിലെ നങ്ങേലി കണ്ണുകൾ ചൂഴ്ന്നെടുത്ത് ദൂരെയ്ക്കെറിഞ്ഞു. തൊട്ടടുത്ത് പൂതമായി മാറിയ നങ്ങേലി അമ്മയുടെ വിഷപ്പാൽ ഊറ്റിക്കുടിച്ചു അവൾക്കു ശാപമോക്ഷം നൽകുന്ന കൃഷ്ണൻ്റെ ജനനത്തിനായി കാത്തു കിടക്കുന്ന തീരം............. .*








സംഗീത സംവിധായകൻ ശ്രീ. **വിജയ്**
**കരുണിനോടൊപ്പം** സ്കൂളിലെ കുട്ടികളും അധ്യാപകരും

# കൈരളീ പരിവർത്തനം

ആർദ്ര ബി എച്ച്. 9 a

ഈ കൈരളിയുടെ കേരളീയതയ്ക്കെന്തൊരു മാറ്റം
കേരളീയത ചോർന്നുപോയൊരുപിടി മണ്ണിന്റെ
വേദനയുതിരുന്ന നേർക്കാഴ്ച മാത്രം
ഇത് അനീതിക്കെതിരെ പോരാടിയ ചരിത്രം മറന്ന മണ്ണ്
ഇത് സമൂഹം മൂകമാകുന്ന മണ്ണ്
ഇനിയൊരു നവോത്ഥാനചിന്ത വേരോടി തളിർക്കണം
ഈ മണ്ണിൽ പുതിയൊരു പുലരി കണ്ടുണരാനായി.

ആധുനികതയുടെ ആധിക്യത്താൽ, വൈകൃത ചാപല്യങ്ങളാൽ
ജീവിതം തെരുവിൽ പേക്കോലമാടുന്ന കാലം
വിദ്യയും വിജ്ഞാനവും വെറുതെയാകുന്നുവോ?
ലഹരിയും അതിലഹരിയും നിറഞ്ഞ് നിൽക്കുന്നുവോ ?
സുഹൃത്ത് എന്ന വാക്കിനർത്ഥം അറിയാതെ
സൗഹൃദ ക്കൂട്ടുകളിൽ വഴുതി വീഴുന്നവർ
വൈകൃതത്തിൻറെ വിഹ്വലതകളിൽ
ചഞ്ചലമാകുന്ന മനസ്സും ശരീരവും
തെറ്റിനെയൊക്കെ ശരിയാക്കുന്നുവോ ?
ക്ലാസ് മുറികളിൽ പുസ്തകങ്ങളിൽ കാണാതെ
പോകുന്ന ഗാന്ധിയും
കണ്ടുണരുന്ന ഗോഡ്സെയും
കൈക്കുള്ളിലൊതുങ്ങുന്ന ലഹരിയും .................
എങ്ങോട്ടീ യാത്രയെന്നറിയില്ല..............................
രാഷ്ട്രീയമല്ലാത്ത രാഷ്ട്രീയതയ്ക്ക് ബാലിയാടാകുന്ന യുവത്വം
തെരുവിൽ കൈകാൽ വേർപെട്ട്
ചുവന്ന കബന്ധങ്ങൾ ആകുന്നു
അമ്മയുമച്ഛനും തിരക്കിലൊഴുകുമ്പോൾ
സ്നേഹത്തിനായി ചികഞ്ഞു വീണുപോകുന്നു
നമ്മുടെ ബാല്യങ്ങൾ
മൃഗീയതയിൽ മൃഗത്തിനും മേലെ നാം
വൈകൃതമാകുന്ന കാലം
വിവേകത്തിന്റെയാതിർവരമ്പുകളിൽ
അവിവേകത്ത്തിന്റെ ചോരപ്പാടുകൾ
ഇത് സമൂഹം മൂകമാകുന്ന മണ്ണ്
നവോത്ഥാനത്തിനായി കാതോർക്കുന്ന മണ്ണ്





എൻ.എസ്സ്.എസ്സിന്റെ നേതൃത്വത്തിൽ "ശ്രേഷ്ഠം ബാല്യം" പദ്ധതി കവി ശ്രീ മുരുകൻ കാട്ടക്കട ഉത്ഘാടനം ചെയ്യുന്നു










ഗാന്ധിജയന്തി

ആഘോഷങ്ങൾ


# ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1949)




ചങ്ങനാശ്ശേരിയിൽ ജനനം. മഹാകവി, സാഹിത്യചരിത്രകാരൻ, ഗവേഷകൻ, നിരൂപകൻ, പത്രാധിപർ, തിരുവിതാംകൂർ ഗവമെന്റിലെ ദിവാൻ പേഷ്കാർ തുടങ്ങിയ നിലകളിൽ വ്യ ക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം *(മഹാകവ്യം)*, കേരളസാഹിത്യചരിത്രം *(5 ഭാഗങ്ങൾ)*, കർണഭൂഷണം, പിംഗള, ചിത്രശാല, താരാഹാരം, തരംഗിണി, കൽപശാഖി, അമൃധതാര, അംബ മുതലായവ പ്രധാന കൃതികൾ.









ചില

വരകൾ




# ആര്യ ശ്രീജ എസ്.



ദയനീയ ആ മുഖം മനസ്സിൽ എന്നും നൊമ്പരമായിരുന്നു. ക്ലാസ്സിൽ പലപ്പോഴും അവളെ ഞാൻ ശ്രദ്ധിച്ചിട്ടെ ഇല്ല. പതുങ്ങിയിരിയ്ക്കുന്ന അവൾ ആരുടേയും ശ്രദ്ധയിൽ പെടാതെ ഒതുങ്ങിക്കൂടി.മലയാളം ക്ലാസ്സിൽ കുടിയേറ്റം സിനിമയുടെ ദൃശ്യവിഷ്കരണ വേളയിൽ സ്വന്തം അമ്മയുടെ നൊമ്പരം സിനിമയിൽ കണ്ട് ബോധരഹിതയായി വീണ് ആശുപത്രിയിൽ കൊണ്ട് പോകുമ്പോഴാണ് ഞാൻ അവളെ ശ്രദ്ധിക്കുന്നത്.

ശാരീരികമായി ഒരു കുഴപ്പവും ഇല്ല എന്നും പോഷകക്കുറവും മനസിലെ വിഷമവുമാണ് അവളുടെ പ്രശ്നങ്ങൾ എന്ന് ഡോക്ടർ ഊന്നി പറഞ്ഞു.ആശുപത്രിയിൽ നിന്ന് വലിയമ്മയുടെ കയ്യിൽ അവളെ ഏൽപ്പിച്ച വരുമ്പോഴും മനസ്സിൽ അവളായിരുന്നു.അച്ഛൻ ഇല്ലെന്നും അമ്മയും ചേച്ചിയും മാത്രമേ ഉള്ളു എന്നും പിന്നെ ആണറിഞ്ഞത് .അമ്മ എവിടെയോ തയ്യൽ തുണി വെട്ടാൻ പോകുന്നത് കൊണ്ട് ജീവിയ്ക്കുന്നു. രാത്രിയിലും അവളുടെ മുഖം മനസിലുണ്ടായിരുന്നു.ദിവസങ്ങൾ കടന്നുപോയി പലപ്പോഴും അവൾ തല കറങ്ങി വീണു. കണ്ണ് തുറക്കാതെ വേദന കൊണ്ട് പുളയും ദേഹമാസകലം വേദനിയ്ക്കുന്നു എന്ന് പറയും.പതിയെ പതിയെ പലരും അവളുടെ അസുഖം ഒരു കള്ളത്തരമായി കണ്ടു. പക്ഷെ അവളുടെ മനസിലെ വേദന.അതായിരുന്നു എല്ലാത്തിനും കാരണം.

ഇന്നവൾക്ക് തലവേദന ആണെന്ന് പറഞ്ഞു സ്റ്റാഫ് റൂമിൽ കൊണ്ട് വരുമ്പോൾ അവളുടെ കണ്ണ് നിറഞ്ഞു ഒഴുകുന്നുണ്ടായിരുന്നു.ഞാൻ അടുത്തിരുന്നു കരച്ചിൽ നിർത്തുന്നില്ല ദയനീയമായ ആ മുഖത്ത് നിന്ന് കണ്ണ് നീർ ഉരുണ്ടുരുണ്ട് വീണു.എൻറെ മനസ്സും നീറി ക്ലാസ്സ് ഉള്ളത് കൊണ്ട് ഞാൻ ട്രെയിനിംഗ് ടീച്ചർമാരുടെ അടുത്ത് അവളെ ഇരുത്തി ക്ലാസ്സിലേയ്ക്ക് പോയി.പിന്നെ മൂന്നാമത്തെ പിരിയഡ് ഞാൻ ഫ്രീ ആയപ്പോഴും അവൾ തല ഡെസ്കിൽ ചായ്ച്ച ഇരിയ്ക്കുന്നുണ്ടായിരുന്നു അപ്പോഴും കണ്ണ് നീർ വറ്റിയിട്ടുണ്ടായിരുന്നില്ല.ഞാൻ അവളെ മെല്ലെ എഴുന്നേൽപ്പിച്ചു.ചേർത്ത് പിടിച്ച് ചായക്കടയിൽ കൊണ്ട് പോയി. ചായ വാങ്ങി കൊടുത്തു. പുറത്തിറങ്ങിയപ്പോൾ ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ എന്നവൾ എന്നോട് ചോദിച്ചു

**"ചോദിച്ചോളൂ" ഞാൻ പറഞ്ഞു**
**ദൂരേയ്ക്ക് നോക്കി കൊണ്ട് അവൾ എന്നോട് ചോദിച്ചു**
**"എന്തിനാ ടീച്ചർ എന്നെ ഇത്രയും സ്നേഹിയ്ക്കുന്നത്"?**
**ഞാൻ അമ്പരന്നു പോയി എന്നിട്ട് ഞാൻ അവളോട് ചോദിച്ചു**
**"എന്താ നിനക്ക് ഇങ്ങനെ തോന്നാൻ കാരണം"**
**"ടീച്ചറിൻറെ ക്ലാസ്സിലെ കുട്ടികളെ ആരെയും ടീച്ചർ ഇങ്ങനെ ചേർത്ത് പിടിച്ച് നടക്കാറില്ല"**
**"പിന്നെ ഞാൻ ആശുപത്രിയിലായപ്പോൾ എൻറെ കൂടെ ഇരുന്നില്ലേ" ?**
**"പിന്നെ ഞാൻ അസംബ്ലിയിൽ കുഴഞ്ഞു വീണപ്പോൾ താങ്ങി എടുത്തില്ലേ" ?**
**അന്ന് ആ ഫാസ്റ്റ് ബസ്സിൽ എന്നെയും കയറ്റി എനിയ്ക്ക് ടിക്കറ്റ് എടുത്തില്ലേ?**
**ഇന്നും സുഖമില്ലതായപ്പോൾ കൂടെ ഇരുന്നില്ലേ ?**
**ഇത്രയൊക്കെ പോരെ എന്നെ സ്നേഹിയ്ക്കുന്നു എന്ന് മനസിലാക്കാൻ**
**ഈ നിസാര കാര്യങ്ങൾ മതിയോ കുട്ടികളുടെ മനസിനെ തലോടാൻ ഞാൻ ചിന്തിച്ചു**
**ചായക്കടയിൽ നിന്നിറങ്ങിയപ്പോൾ അവളുടെ അസുഖം ഒക്കെ എവിടെയോ പോയൊളിച്ചു**
**അവൾ എന്നെ നോക്കി മനോഹരമായി പുഞ്ചിരിച്ചുഅവളെയും കൂട്ടി മൊബൈൽ ചാർജ്ജ് ചെയ്യാൻ കടയിൽ കയറിയപ്പോഴാണ് അവളുടെ തലയിലെ ആ നിറം മങ്ങിയ ഹെയർപിൻ ഞാൻ കണ്ടത്. തൻറെ മകൾ ഇതിലും എത്രയോ നല്ലതാണ് ഉപയോഗിയ്ക്കാതെ കളയുന്നത്. പുറത്തിറങ്ങിയപ്പോൾ ഒരു ഹെയർപിൻ വാങ്ങി കൊടുക്കാം എന്ന് ഞാൻ പറഞ്ഞു അവൾ ഒന്നും മിണ്ടിയില്ല. നടക്കുമ്പോൾ അവൾ എന്നോട് പറഞ്ഞു**
**" നാളെ എൻറെ പിറന്നാൾ ആണ്.എനിയ്ക്ക് കിട്ടാൻ പോകുന്ന ആദ്യ പിറന്നാൾ സമ്മാനമാണിത്.നാളെ ഞാൻ ഇത് വച്ചുകൊണ്ട് സ്കൂളിൽ വരും വരും".**
**കടയിൽ കയറിയപ്പോൾ ഞാൻ അവൾക്കു മാലയും വളയും കമ്മലുമൊക്കെ വാങ്ങി കൊടുത്തു. അവൾ കടയിലെ ഓരോ വസ്തുവിലും ആകാംഷയോടെ നോക്കി പക്ഷെ ഒന്നും ആവശ്യപ്പെട്ടില്ല . കടയിൽ നിന്നപ്പോൾ അവൾക്കു ഞാൻ ഒരു ഡ്രസ്സ് കൂടെ എടുത്തു കൊടുത്ത്.**
**"ടീച്ചർ എന്താ അവൾക്കു ഇതൊക്കെ വാങ്ങി കൊടുക്കുന്നത്".പരിചിതയായ കടയുടമ ചോദിച്ചു .**
**ഞാൻ ഒന്നും മിണ്ടിയില്ല .**
**"അവൾ പാവപ്പെട്ട കുട്ടിയാണോ"? കടയിലെ ആ സ്ത്രീ രഹസ്യമായി ചോദിച്ചു.**

**ഞാൻ ചിരിച്ചു.പിന്നെ അവളോടായി അവരുടെ ചോദ്യം**

**"എനിക്ക് അച്ഛനില്ല. അമ്മ മാത്രം.വലിയമ്മയുടെ വീട്ടിലാ ഞാനും അമ്മയും ചേച്ചിയും താമസം"**

**.കടയുടമ രണ്ടു ചുരിദാറും അവളുടെ അമ്മയ്ക്ക് ഒരു സാരിയും കൊടുത്തു ഞാൻ ശരിക്കും അമ്പരന്നു.**

**നന്ദി പറഞ്ഞു കടയിൽ നിന്നിറങ്ങിയപ്പോൾ അവൾ എന്നോട് പറഞ്ഞു**

**"ടീച്ചർ എനിക്ക് വേണ്ടി കുറെ പൈസ ചിലവാക്കി പക്ഷെ നാളെ എൻറെ പിറന്നാളിന് ടീച്ചർക്ക് തരാൻ എൻറെ കയ്യിൽ ഒന്നുമില്ല." അവളുടെ ആ നിസഹായകത എന്നെ വല്ലാതെ വേദനിപ്പിച്ചു**

**"സാരമില്ല" എന്ന് ഞാൻ പറഞ്ഞു. വൈകുന്നേരം ഞാൻ സ്കൂളിൽ നിന്നിറങ്ങിയപ്പോൾ.എന്നെ കാത്തു അവൾ നിൽക്കുന്നുണ്ടായിരുന്നു.ഒരുമിച്ച് ബസ്സിൽ കയറി ഒരു സീറ്റിലിരുന്നു.**

**"ടീച്ചരിനറിയ്യോ ടീച്ചറിൻറെ സ്നേഹത്തിൻറെ ശക്തി.ആ സ്നേഹമാണ് വല്ലപ്പോഴും സ്കൂളിൽ വന്നിരുന്ന എനിയ്ക്ക് എന്നും സ്കൂളിൽ വരണം എന്ന തോന്നൽ ഉണ്ടാക്കിയത്.ആ സ്നേഹമാണ് എൻറെ അസുഖം കുറയ്ക്കുന്നത്". അവൾ നിറുത്തി**

**പുറത്തു ഇടമുറിയാതെ പെയ്യുന്ന മഴയിൽ അവൾ ബസ്സിറങ്ങിയപ്പോൾ എന്നോട് പറഞ്ഞു എനിയ്ക്ക് ഈ സ്നേഹത്തിനു പകരം തരാൻ ഒന്നുമില്ല ടീച്ചർ. അവളൊന്നു ചിരിച്ചു. എനിയ്ക്ക് ആ ചിരി മതി ആയിരുന്നു.ഞാൻ കൊടുത്ത എല്ലാ സ്നേഹത്തിനും പകരമായി**



ഒരു കുഞ്ഞുവര









മാതൃഭൂമി സീഡിന്റെ സംസ്ഥാനതല അവാർഡുകൾ

**ശ്രീ. ഋഷിരാജ് സിംഗിൽ** നിന്നും സീഡ് ക്ളബ്

അംഗങ്ങൾ സ്വീകരിക്കുന്നു.

## *നീർമാതള പൂവ്*

നഷ്ടപ്പെട്ട നീലാംബരി നോവും
നീർമാതള ഗന്ധ പകര്ച്ചയും
തണുത്തുറഞ്ഞോരാ നെയ്പ്പായസത്തിലെ
മാതൃഗന്ധവുമീ നാലപ്പാട്ടിലെ മണ്ണിനു മാത്രം
സദാചാരത്തിന്റെ വേഷപ്പകര്ച്ചയിൽ
പെണ്ണെഴുത്തിൻ അതിർവരമ്പുകളിൽ
നിന്നുതിർന്നു വീണതിൽ എഴുതുവാൻ
തന്റെ ലോകം തീർത്ത കവയത്രി
സ്നേഹബന്ധത്തിന്റെ സമർപ്പണ ബോധത്തിൽ
ഒറ്റപ്പെടലിൻറെ ഏകാന്തതയിൽ പ്രതീക്ഷയുടെ കാത്തിരിപ്പുകൾ
വേർപാടിന്റെ സങ്കടത്തിലും ഉടലോഴുക്കുകൾ വർണ്ണിച്ച കൊണ്ട്
മനുഷ്യജീവിതത്തിൻറെ സർവ്വഭാവങ്ങളെ
അക്ഷരങ്ങളിൽ കോരി ചൊരിഞ്ഞ ജന്മ പുണ്യം
നീലാംബരിയുടെ താള ലയത്തിനാൽ
നീരമാതളപ്പൂവിൻ ഗന്ധം നുകർന്നേതോ
ഉന്മാദമെന്ന രാജ്യത്തിനുള്ളിൽ
പ്രണയത്തെ ജീവിതമാക്കിയ കവയത്രി.
തുറന്നെഴുത്തിന്റെ ശൈലിദര്ഭങ്ങളിൽ
നിന്നുടലെഴുത്തുകൾ മാത്രം വായിച്ചവർ
എറിഞ്ഞ ശരങ്ങളിൽ നിന്നകന്നു പോയൊരു
മലയാള മണ്ണിൻറെ നീർമാതള പൂവ്
പ്രണയവർണ്ണത്തിൻറെ നിറചാര്ത്തിലെവിടെയോ
വര്ണ്ണപ്പൊലിമയിൽ നെയ്തെടുത്തോരായിരം
സ്വപ്നങ്ങൾ പോലിഞ്ഞമർന്നു പോയീ ഈ
നീർമാതള ചോട്ടിൽമീട്ടുവാനായ് എടുത്തു വച്ചൊരാ നീലാംബരീ രാഗം
പാടാതെയീ വീണ പൊട്ടി തകർന്നുടഞ്ഞു പോയ്
അക്ഷരങ്ങളെ നിശ്വാസമാക്കി
കൃഷ്ണബിംബത്തെ അല്ലാഹുവാക്കി

ജീവിത,സ്വപ്നങ്ങൾ രണ്ടായ് പിരിഞ്ഞപ്പോൾ
നഷ്ടബോധത്തിന്റെ ജീവപ്പകര്ച്ചയിൽ
തുറന്നെഴുതിയ മലയാള ഗന്ധം
മരക്കൊമ്പിൽ എല്ലായ്പ്പോഴും തൂങ്ങി ക്കിടക്കുന്ന
മൂപ്പെത്താത്ത പഴമെന്ന പ്രണയത്തെ
എഴുതി പകർത്തിയ ജീവിതഗന്ധത്തിലും
അവനെന്നമാവർക്കൊരു വേദന മാത്രം
തിരിച്ചറിയാത്ത സ്നേഹനോമ്ബരങ്ങളിൽ
അസ്വതന്ത്രമായ പെണ്മയുടെ തനിമയിൽ
സ്ത്രീയെ അഗാധമായ് തൊട്ടറിഞ്ഞപ്പോൾ
എന്തുകൊണ്ടിത്ര വെറുത്തു പോയെന്നചോദ്യത്തിനു
അത്രത്തോളം സ്നേഹിച്ചു പോയിയെന്നരിയാടി സ്വയം
പൂക്കാത്ത നീർമാതള പൂവായ് കടന്നു പോയ്

## A ray to Dream



I heard the screaming
That was a bird
Little bird crying loudly loudly......
Like a lady locked in a cage

Her heart was bleading
She wanted to fly highly.. highly...
She tried tried hardly hardly...
With a presence of mind

She escaped from that cage
She spread her wings
Flying highly to her dreams
Flying to achieve great

She tried without a ray
Now, She found that
The greatest ray to her dreams
The ray to her success

Anakha Nanda J B

X A

## Honesty (Speech)



'Honesty is the best policy' is a famous proverb .We have heard this many times . But have understood its real meaning ? What does it really mean ?

To be honest means to be open and true to others .one of our great leaders taught as to honest

Do you who he is ? Yes , it was Mahatma Gandhi,the father of our Nation .From the very childhood he want to be honest to what he does .

We Gandhiji was a child he got a chance to copy answer from another ones book .Even his teacher asked him to copy.

Let us look into the history .Those who are honest and true always remembered

By
Kiran .S.R

# Nature And Man



On the road to city
I saw many scenaries
Some are beautiful
Some are ugly
They are not looking to the face of others.

And for a good scene
I turned my neck to the next window
Oh! what a terrible scene that was
A huge hill, again hill
Made with plastic

The air also says her sadness
I don't want to here it like all
I turned my neck once again
With a great grief
On that time I saw a dog
Eating from that hill
That time I felt that
Our Nature is like that plastic hill
And, we, the human, are that dog.

Arunima.V.J
10 c




# Burning Earth

**Dear friends**

Our earth is burning due to the human activities. We make different types of products in factories for our use. But that time carbondioxide gas is pollute our air. This causes green house effect. Ozonelayer protects us from the ultraviolet rays. This carbon gases destroy thatlayers and causesdifferent kinds of diseases.

There for we reduce the smoke produces from the factories ,vehicles etc and make our earth as green and beautiful.

**Dayanandh 8 b**



## My Good Friends



When I am with the friends
They gave love and enjoyment
in the journey
They touch my heart
And share my sorrow
They make me happy
And they are my friends
I saw my face through their eyes
And I feel my happiness through their smile
It’s an amazing friendship!
I know my friend’s
They are my magic world
I can’t leave you from my life
I wish you happy……

Aparna .A.M

# THE WOMAN



I am the pillars of the house
The keystone of the arch am I
Take me away and roof and wall
Would fall to ruin me utterly
I am the fire upon the bearth
I am the light of the good sun
I am the heat that warms the earth
Which else were colder than a stone

At me the childrens warm their hands
I am their light of love alive
Without me cold the hearthstone stands
Nor could the precious children thrive

I am the twist that hold together
The children is its sacred ring
Their knot of love from whose together
No lost child goes a wandering

I am the house from floor to roof
I deck the walls the board I spread
I spin the curtains warp and woof
And shake the down to be their bed

I am their wall against all danger
Their door against the wind and snow
Thou whom a woman laid in a manager
Take me not till the children grow !

Aswasneha 10 c

# INSPIRATIONAL QUOTES



.Great minds discuss ideas, avarage minds discuss events, small minds discuss people.

.An Optimist counts his blessing, a pessimist discounts his.

.Words and time are common once spent, they are gone forever.

.Confidence come out from always being right but from not fearing to be wrong.

.The greatest pleasure in life is doing what people say you cannot do.

.Only you can change your life, no one else can do it for you.
.Nothing in life to be feared, it is only to be understood.

Aparna a m

10 c




ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡോക്യുമെന്ററി **കാവുകൾ കാവലായ് (**ചില ദൃശ്യങ്ങൾ)








Little
KITES
മാതൃശാക്തീകരണ പദ്ധതി
Govt :VHSS Veeranakavu













സ്കൂൾ യുവജനോത്സവ ഉത്ഘാടന വേദിയിൽ പ്രശസ്ത കോമഡിതാരം **ഷൈജു നെല്ലിക്കാട്** കുട്ടികളോടൊപ്പം

